പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2603

05/11/2019 ൽ മറുപടിക്ക്

**പമ്പയിൽ പ്രളയം വരുത്തിയ നാശനഷ്ടം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2018 ലെ പ്രളയത്തെ തുടർന്ന് പമ്പയിൽ എന്തൊക്കെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി; | (എ) | 2018-ലെ പ്രളയത്തിൽ പമ്പയിൽ 15,93,00,000/- പതിനഞ്ച് കോടി തൊണ്ണൂറ്റിമൂന്ന ലക്ഷം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. റസ്റ്റോറന്റ് ബ്ലോക്ക്, നടപന്തൽ, രാമമൂർത്തി മണ്ഡപം 3 ടോയ് ലെറ്റ് ബ്ലോക്കുകൾ എന്നിവ പൂർണ്ണമായി തകർന്നു. 3 ടോയ് ലെറ്റ് ബ്ലോക്കുകൾ ഭാഗീകമായി കേടുപാട് സംഭവിച്ചു. ദേവസ്വം മെസ്സ് ഭാഗീകമായി തകർന്നു. അന്നദാനമണ്ഡപത്തിന് കേട്പാടുകൾ സംഭവിച്ചു. ശർക്കര ഗോഡൗണിൽ വെള്ളം കയറി 2 ലക്ഷം ടൺ ശർക്കര പൂർണ്ണമായി നശിച്ചു. ടോളി കൗണ്ടർ, ആറാട്ട് കടവ് എന്നിവ പൂർണ്ണമായി നശിച്ചു മരാമത്ത് ബിൽഡിഗിന്റെ സെല്ലാറിന്റെ 2 നിലയിലും മണ്ണടിയുകയുണ്ടായി. ഒരു നില ഇപ്പോഴും മണ്ണിനടിയിലാണ്. ക്ലോക്ക് റൂം ഭാഗീകമായി തകർന്നു 6 ഹൈമാസ്റ്റ് ലൈറ്റുകൾ പൂർണ്ണമായി നശിച്ചു. ദേവസ്വം ഡിസിൻഫെക്ടന്റ് ഗോഡൗൺ പൂർണ്ണമായി തകർന്നു. സീവേജ് കളക്ഷൻ ടാങ്ക് മണ്ണിനടിയിൽ മൂടി പോയി. സീവേജ് നെറ്റ് വർക്ക് സിസ്റ്റം പൂർണ്ണമായി നശിച്ചു എസ്.റ്റി.പി വെള്ളം കയറിയത് മൂലം കേടുപാടുകൾ സംഭവിക്കുകയുണ്ടായി. പമ്പയിലെ അപ്രോച്ച് റോഡിന്റെ 2 ഭാഗം ഇടിഞ്ഞു. ഹിൽ ടോപ്പ് പാർക്കിംഗ് ഗ്രൗണ്ടിന്റെ കുറച്ച് ഭാഗം ഇടിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | പ്രളയത്തിൽ തകർന്ന എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഭാഗീകമായി തകർന്ന 3 ടോയ് ലെറ്റ് ബ്ലോക്കുകൾ, മണ്ണ് മൂടി കിടന്ന സീവേജ് കളക്ഷൻ ടാങ്ക്. സീവേജ് നെറ്റ് വർക്ക് സിസ്റ്റം, ക്ലോക്ക് റൂം ബിൽഡിംഗ് എന്നിവ പുനഃസ്ഥാപിക്കുകയും അന്നദാന മണ്ഡപം റസ്റ്റോറന്റ് ബ്ലോക്ക്, മെസ്സ് ബിൽഡിംഗ്, ശർക്കര ഗോഡൗൺ തുടങ്ങിയ എല്ലാ കോൺക്രീറ്റ് കെട്ടിടങ്ങളും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. |
| (സി) | പമ്പയിൽ അടിഞ്ഞുകൂടിയ മണൽ ശേഖരം നീക്കം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ദേവസ്വം ബോർഡിന് അനുവദിച്ച 20,000 എം.ക്യൂബ് മണലിൽ 3,000 എം.ക്യൂബ് നീക്കം ചെയ്തു. ബാക്കിയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം ടാറ്റ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനി പമ്പയിൽ അടിഞ്ഞുകൂടിയ മണൽ, വൃക്ഷങ്ങൾ ,മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പമ്പാനദിയെ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പാലങ്ങളും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. പമ്പാതീരത്ത് 300 മീറ്ററോളം തകർന്ന ഭാഗത്തും മറ്റ് മണൽ സംഭരണ സ്ഥലങ്ങളിലും മണൽ ചാക്കുകൾ അട്ടുക്കി തീർത്ഥാടന യോഗ്യമാക്കിയിട്ടുണ്ട്. |
| (ഡി) | അയ്യപ്പ ഭക്തരുടെ വാഹനങ്ങൾ ഇത്തവണ പമ്പയിലേക്ക് കടത്തിവിട്ടുമോ; ഇല്ലെങ്കിൽ എങ്ങനെ ഗതാഗതം നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. കഴിഞ്ഞ വർഷം ഉണ്ടായ പ്രളയപശ്ചാത്തലത്തിൽ ബേസ് ക്യാമ്പ് പമ്പയിൽ നിന്നും നിലയ്ക്കലേക്ക് മാറ്റിയിട്ടുണ്ട്. ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടകരുടെ ചെറുവാഹനങ്ങൾ തീർത്ഥാടകരെ പമ്പയിൽ ഇറക്കിയ ശേഷം തിരികെ വന്ന് നിലയ്ക്കലിൽ പാർക്ക് ചെയ്യേണ്ടതാണ്. വലിയ വാഹനങ്ങളിൽ വരുന്ന തീർത്ഥാടകർ നിലയ്ക്കലിൽ ഇറങ്ങേണ്ടതാണ്. ഈ തീർത്ഥാടകരെ പമ്പയിൽ എത്തിക്കുന്നതിനും തരിച്ച് പമ്പയിൽ നിന്ന് നിലയ്ക്കലിൽ എത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലക്കലിൽ അധികമായി പാർക്കിങ് ലോട്ട് നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ